# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

**(LAND REVENUE AND DEVASWOM)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 28th JUNE 2011 TO 31st MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂൺ 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th June 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 28th JUNE 2011 TO 31st MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

438/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 14 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2011-13)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൾ റസാക്
,, ബാബു എം. പാലിശ്ശേരി
,, സി. കെ. നാണു
,, എ. പ്രദീപ്കുമാർ
,, പാലോട് രവി
,, സി. കെ. സദാശിവൻ
,, വി. പി. സജീന്ദ്രൻ
,, എൻ. ഷംസുദ്ദീൻ
,, വി. എസ്. സുനിൽ കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II (2011-2013)-ന്റെ 2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും വിധേയമാക്കിയ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി. 2011 ജൂലൈ 18-ാം തീയതി ചേർന്ന യോഗം, "2011-ലെ കേരള നെൽവയൽ തണ്ണീർത്തട (സംരക്ഷണ) ഭേദഗതി ബിൽ" പരിഗണിക്കുന്നതിന് വേണ്ടിയും 2011 ജൂലൈ 26, 2011 ആഗസ്റ്റ് 1, 2011 ആഗസ്റ്റ് 20 എന്നീ തീയതികളിലെ യോഗങ്ങൾ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും, 2011 സെപ്റ്റംബർ 27-ാം തീയതി ചേർന്ന യോഗം "2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ" പരിഗണിക്കുന്നതിനുവേണ്ടിയും 2011 ഒക്ടോബർ 13-ാം തീയതി ചേർന്ന യോഗം സമിതിക്ക് ലഭിച്ച കരട് ചട്ടം, എസ്.ആർ.ഒ.കൾ, ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിഗണിക്കുന്നതിനും, 2011 നവംബർ 3-ാം തീയതി ചേർന്ന യോഗം 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനും, 2011 ഡിസംബർ 29, 2012 മാർച്ച് 2 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ശുപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിഗണിക്കുന്നതിനും വേണ്ടിയാണ് കൂടിയത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(I)-(iii) & (v) പ്രകാരം സമിതി 2012 ജനുവരി 19-ാം തീയതി യോഗം ചേരുകയും സംസ്ഥാനത്തെ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 67% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാംഭാഗം സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ പരിഗണന സംബന്ധിച്ചും, രണ്ടാംഭാഗം സമിതി റിപ്പോർട്ട് കാലയളവിൽ പരിഗണിച്ച ബിൽ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കളുടെ സാധൂകരണം എന്നിവയെ സംബന്ധിച്ചുമുള്ളതാണ്. ഈ കാലയളവിൽ ചേർന്ന യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2012 മേയ് 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

അടൂർ പ്രകാശ്,

തിരുവനന്തപുരം.
2-5-2012.

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

# റിപ്പോർട്ട്

## ഭാഗം I

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 29-12-2011-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി. യോഗനടപടിക്കുറിപ്പ് അനുബന്ധം VIII ആയി ചേർത്തിരിക്കുന്നു.

## രണ്ടാമത് റിപ്പോർട്ട് (2007-2008)

### ശുപാർശ നമ്പർ 40

ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനുള്ള ബൃഹത്പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

ശബരിമല തീർത്ഥാടനകാലത്ത് ശബരിമലയിലെത്തുന്ന അസംഖ്യം ഭക്തജനങ്ങൾക്കായി 10000 പേർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടി പത്തനംതിട്ടയിൽ ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിലേക്കായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പൊതുമരാമത്ത് വകുപ്പിന്റെ 14-8-2009-ലെ 1184/09/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിൽ റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്തിൽ ഇട്ടിയപ്പാറ-ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണ പ്രവർത്തനം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നടത്തുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### ശുപാർശ നമ്പർ 39

ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനുള്ള ബൃഹത്പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

ഈ പദ്ധതിയിലേക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ ശബരിമല തീർത്ഥാടന കാലങ്ങളിലും വർദ്ധിച്ചുവരുന്ന വാഹനഗതാഗതം പരിഗണിച്ച് ശബരിമല റോഡ് വികസനത്തിലേക്കായി 5 കോടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ശബരിമല റോഡുകളുടെ ലോങ്ടേം മെയിന്റനൻസിനായി സ.ഉ.(ആർറ്റി.) 781/09/ പൊതുമരാമത്ത് വകുപ്പ്, തീയതി 5-6-2009 പ്രകാരം 28 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൻപ്രകാരം ജോലികൾ ടെണ്ടർ ചെയ്യുകയും ഉണ്ടായി. എന്നാൽ പുനർദർഘാസ് ചെയ്യാൻ നിർദ്ദേശിച്ചതിൻപ്രകാരം 6,229 ലക്ഷം രൂപയുടെ പുതുക്കിയ

എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന് 23-8-2011-ലെ സ.ഉ.(ആർറ്റി.)നമ്പർ 1081/11/ പൊതുമരാമത്ത് പ്രകാരം 5,845 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 53

സുനാമി വന്നപ്പോൾ കടലോരപ്രദേശങ്ങളിലെ കുറെ വീടുകൾ നശിച്ചു. വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസ നടപടി നടന്നുകൊണ്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ഭാഗമായി വീട് നഷ്ടപ്പെട്ടവർക്ക് വേറൊരുസ്ഥലത്ത് 4 സെന്റ് ഭൂമിയിൽ പുതിയ വീട് വച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ പുനരധിവാസ പദ്ധതിപ്രകാരം വീട് ലഭിച്ചവരുടെ നേരത്തെ ഉണ്ടായിരുന്ന പട്ടയഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനാൽ അത് അവർക്ക് നഷ്ടപ്പെടുന്നതായി സമിതിയിൽ വെളിപ്പെടുത്തപ്പെട്ടു. അവരുടെ പട്ടയഭൂമി നഷ്ടപ്പെടുന്നതിലൂടെ വില വച്ചു കണക്കാക്കുമ്പോൾതന്നെ വൻ സാമ്പത്തിക നഷ്ടമാണ് അവർക്കുണ്ടാകുന്നത്. ഇതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും പുനരധിവാസത്തിന്റെ ഭാഗമായി നേരത്തേ ഉണ്ടായിരുന്ന ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമിയും പുതിയ വീടും വച്ചു നൽകുമ്പോൾ പട്ടയ ഭൂമി ഉള്ളവർക്ക് വലിയ സാമ്പത്തിക നഷ്ടം വരാത്ത രീതിയിൽ എന്തുനടപടി സ്വീകരിക്കാൻ കഴിയുമെന്ന് സർക്കാർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2004-ലെ സുനാമിയിൽ കടലോര പ്രദേശങ്ങളിലെ കുറെ വീടുകൾ നശിച്ചുപോയിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവർക്കും അപകടമേഖലയിൽ താമസിക്കുന്നവർ ക്കുമായി സുനാമി പുനരധിവാസ പദ്ധതി പുരോഗതിയിലാണ്. ഇവർക്കായി അപകട മേഖലയ്ക്ക് പുറത്ത് 4 സെന്റ് ഭൂമിയിലാണ് വീട് പണിയുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ഗുണഭോക്താക്കൾക്ക് നേരത്തെ പട്ടയമുണ്ടായിരുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതൊഴികെ ഭൂമിയുടെ ഉടമസ്ഥാവകാശം ഉണ്ടായിരി ക്കുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുന്നതാണ്.

ശുപാർശ നമ്പർ 48

സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിനായും കേന്ദ്ര ഗവൺമെന്റിന്റെ ആവശ്യത്തിനായും സ്ഥലം ഏറ്റെടുത്ത് ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിന് പല യൂണിറ്റുകളിലായി ധാരാളം റവന്യൂ വകുപ്പ് ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത പദ്ധതികൾക്കായി സ്ഥലമെടുപ്പ് പൂർത്തിയായ ഉടനെ ആ യൂണിറ്റുകളിലെ ജീവനക്കാരെ മറ്റു ആവശ്യമുള്ള മേഖലകളിലേക്ക് ഉടനടി പുനർവിന്യസിക്കാൻ നടപടി ഉണ്ടാകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പൊന്നുംവില നടപടികൾക്കായി ആരംഭിക്കുന്ന താല്ക്കാലിക എൽ.എ. യൂണിറ്റുകളിലെ ജീവനക്കാരെ പ്രസ്തുത പൊന്നും വില നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള മറ്റ് എൽ.എ. യൂണിറ്റുകളിലേക്ക് പുനർ വിന്യസിച്ചുവരുന്നുണ്ട്.

## ശുപാർശ നമ്പർ 49

സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾക്കും റെയിൽവെ ലൈനുകൾ, റോഡുകൾ, വിമാനത്താവളങ്ങൾ എന്നിവയുടെ വികസനത്തിനുമായി ധാരാളം ഭൂമി ഉടനെ ഏറ്റെടുക്കാൻ സർക്കാരിന് പരിപാടിയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി കൂടുതൽ സ്റ്റാഫിനെ നിയോഗിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

### സ്വീകരിച്ച നടപടി

പൊന്നുംവില നടപടികൾക്കായി അധികമായി ജീവനക്കാരെ ആവശ്യമാണെന്ന് കാണുന്നപക്ഷം നിലവിലുള്ള എൽ.എ. യൂണിറ്റുകളിൽ അധികമായി തസ്തികകൾ സൃഷ്ടിക്കുന്നതിനും എൽ.എ. യൂണിറ്റുകൾ പുതുതായി സൃഷ്ടിക്കുന്നതിനുമുള്ള ശുപാർശകൾ അർത്ഥനാധികാരികളുടെ അവശ്യപ്രകാരം, ജില്ലാകളക്ടറുടെ ശുപാർശയോടെ സർക്കാരിന് സമർപ്പിക്കുന്നമുറയ്ക്ക് കൂടുതൽ ജീവനക്കാരെ ഇതിനായി നിയോഗിക്കുന്നതാണ്.

## ശുപാർശ നമ്പർ 18

### സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ

സംസ്ഥാന മുദ്രപ്പത്രങ്ങളുടെ പരമാധികാരി ലാന്റ് റവന്യൂ കമ്മീഷണറും സംസ്ഥാനത്തിനാവശ്യമായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും നാസിക്, ഹൈദ്രാബാദ് എന്നിവിടങ്ങളിലെ സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സുകളിൽ നിന്നും ഇൻഡന്റ് വാങ്ങി, സംസ്ഥാനത്തെ സ്റ്റാമ്പ് ഡിപ്പോകൾക്കും തിരുവനന്തപുരം ജില്ലയിലെ സബ് ട്രഷറികൾക്കും വിതരണം ചെയ്യുന്നത് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയാണ്. 25,000 രൂപ വരെ വിലയുള്ള മുദ്രപ്പത്രങ്ങൾ ഉപയോഗത്തിലുണ്ട്. നാസിക്, ഹൈദ്രാബാദ് എന്നിവിടങ്ങളിലെ യാത്രകൾക്ക് നിയോഗിക്കപ്പെടുന്ന റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക യാത്രാബത്ത, ട്രക്കുകളുടെയും മിനി ബസ്സുകളുടെയും വാടക, തുടങ്ങിയവയ്ക്ക് നൽകുന്ന ഫണ്ടിന് തുല്യമായി ഇതേ യാത്രയിൽ റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം സെക്യൂരിറ്റി ചുമതലകൾക്കായി നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്ക് മതിയായ യാത്രാബത്ത ലഭിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ടി പോലീസ് സേനാംഗങ്ങൾക്കും സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ ശീർഷകത്തിൽനിന്നും മതിയായ യാത്രാബത്ത അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പോലീസ് സേനാംഗങ്ങൾക്ക് യാത്രാബത്ത അനുവദിക്കുന്നത് പ്രസ്തുത വകുപ്പിൽനിന്നുംതന്നെയാണ്. ആയത് റവന്യൂ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല. ആയതിനാൽ, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ ശീർഷകത്തിൽ നിന്നും പോലീസ് സേനാംഗങ്ങൾക്ക് യാത്രാബത്ത അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാകുന്നു.

ശുപാർശ നമ്പർ 28

പി. ഒ. എൽ.

താലൂക്ക് ഓഫീസുകൾ, റവന്യൂ റിക്കവറി ഓഫീസുകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവുകൾക്കായി ടി. ശീർഷകത്തിൽ 20 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിലെ ബഡ്ജറ്റ് വിഹിതം 45,00,000 രൂപ ആയിരുന്നു. 12,00,000 രൂപകൂടി റീഅപ്രോപ്രിയേഷൻ മുഖേന അധികമായി ഈ ശീർഷകത്തിലേക്ക് അനുവദിച്ചിരുന്നു.

ശുപാർശ നമ്പർ 51

അത്യാവശ്യ സാഹചര്യങ്ങൾ നേരിടുന്നതിനായി ജില്ലാകളക്ടർമാരുടേയും തഹസീൽദാർമാരുടെയും പക്കൽ ഒരു സമയം സൂക്ഷിക്കാവുന്ന തുക വളരെ ചെറിയ സംഖ്യ ആണെന്ന് (50,000 രൂപ) സമിതി മനസ്സിലാക്കുന്നു. ഇത് അടിയന്തിരഘട്ടങ്ങളിൽ ആശ്വാസമെത്തിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ജില്ലാകളക്ടർമാർക്കും തഹസീൽദാർമാർക്കും ഇപ്രകാരം സൂക്ഷിക്കാവുന്ന തുക യഥാക്രമം 5 ലക്ഷവും 2 ലക്ഷവും രൂപ വീതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശയിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## മൂന്നാമത് റിപ്പോർട്ട് (2008-2009)

ശുപാർശ നമ്പർ 9

സംസ്ഥാനത്തെ റവന്യൂ/സർവ്വേ ഉദ്യോഗസ്ഥന്മാരുടെ കഴിവ് വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള റവന്യൂ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ധനസഹായം

സംസ്ഥാനത്തെ റവന്യൂ/സർവ്വേ വകുപ്പുകളിലെ ജീവനക്കാർക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ദുരന്തനിവാരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ആധുനിക പരിശീലനം നൽകുന്നതിനായി പ്രാരംഭതുക ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കേണ്ടതുണ്ടെന്നും കൂടാതെ സ്ത്രീ ജീവനക്കാരുടെ താമസസൗകര്യത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് സ്ത്രീകൾക്കായി പുതിയൊരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിക്കേണ്ടതുണ്ടെന്നും സമിതി കരുതുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത വർഷത്തേക്ക് ആകെ ലഭിച്ച ഗ്രാന്റ് ഇൻ എയ്ഡ് 26 ലക്ഷം രൂപയാണ്. ഈ തുക പരിശീലന പരിപാടികൾക്കും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ശമ്പളയിനത്തിലുമായി ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ 12 മുറികളിലായി 44 സ്ത്രീകൾക്ക് താമസസൗകര്യം ലഭ്യമാക്കാനുള്ള സൗകര്യമാണ് ഇൻസ്റ്റിറ്റ്യൂട്ടിലുള്ളത്. പുതിയ ഹോസ്റ്റൽ നിർമ്മാണത്തിനായി അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 10

ഇൻസ്റ്റിറ്റ്യൂട്ട് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മേൽപ്പറഞ്ഞ പദ്ധതികൾ ഉൾപ്പെടെയുള്ളവയുടെ നടത്തിപ്പിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് ആയ 26 ലക്ഷം രൂപ 85 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ (2053-00-800-98) 2008-2009-ലെ ബഡ്ജറ്റ് വിഹിതം 26 ലക്ഷം രൂപയായിരുന്നു. ഈ ഇനത്തിൽ അധികമായി കൂടുതൽ തുക പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടുമുണ്ട്.

ശുപാർശ നമ്പർ 14

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി നടപ്പിലാക്കിവരുന്ന താലൂക്ക് ഓഫീസ് വരെയുള്ള കമ്പ്യൂട്ടർവൽക്കരണം വില്ലേജ് ഓഫീസുകളിലേക്കുകൂടി വ്യാപിപ്പിക്കണ മെന്നും താലൂക്ക് ഓഫീസുകളും വില്ലേജ് ഓഫീസുകളും തമ്മിൽ ഒരു സോഫ്റ്റ്‌വെയർ ശൃംഖലവഴി ബന്ധിപ്പിക്കണമെന്നും ഇതിനായി കേന്ദ്രഗവൺമെന്റിന് പദ്ധതി സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതിലേക്കായി ഒരു ജില്ലയ്ക്ക് രണ്ടു കോടി രൂപ എന്ന ക്രമത്തിൽ 14 ജില്ലകൾക്കുമായി 28 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിലെ 1991-ൽ ആരംഭിച്ച കമ്പ്യൂട്ടർ വൽക്കരണ പരിപാടികൾ ഭൂരേഖ കമ്പ്യൂട്ടർവത്കരണം എന്ന ഏക ലക്ഷ്യത്തോടു കൂടിയാണ് പുരോഗമിച്ചുവന്നിരുന്നത്. ഈ പദ്ധതി വിവക്ഷിച്ചിരുന്നത് ഭൂമിയെ സംബന്ധിച്ച അടിസ്ഥാനരേഖ (ROR) പൗരന്മാർക്ക് നൽകുക എന്നതും, കൂടാതെ റവന്യൂ-താലൂക്ക്-സർവെ ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് പോക്കുവരവ് നടപടികളുടെ നാളതീകരണം നടപ്പിലാക്കുക എന്നിവയുമാണ് 2004-05-ൽ ആരംഭിച്ച എം.ജി.പി. പദ്ധതികളുടെ ഭാഗമായി പൊതുജനസേവനം വേഗത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.സി. സ്യൂട്ട് എന്ന ഒരു പദ്ധതി ജില്ലാകളക്ടറേറ്റുകളിൽ ആവിഷ്ക്കരി ക്കുകയും ഇതിലൂടെ ഫയലുകളുടെ തൽസ്ഥിതി വിവരങ്ങൾ മനസ്സിലാക്കുന്നതിനും പേപ്പർ രഹിത ഓഫീസ് എന്ന ആശയം നടപ്പിലാക്കിവരുന്നതിനും നിരവധി

ഉപപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയുമുണ്ടായി. ചില ജില്ലകളിൽ ഒഴിച്ച് ഈ പദ്ധതി വിജയകരമാക്കിയതിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ചുരുക്കം ചില താലൂക്കുകളിൽ താലൂക്ക് സ്യൂട്ട് എന്ന പേരിൽ സമാനമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനം വില്ലേജ് തലംവരെ നടപ്പിലാക്കിയാൽ മാത്രമേ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് എന്നീ ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ടുളള ഫയലുകളുടെ തൽസ്ഥിതി മനസ്സിലാക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കാൻ സാധിക്കുകയുളളൂ. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആറുകോടി രൂപ ചെലവിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ഏകദേശം സമാനസ്വഭാവമുള്ളതാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയാണെങ്കിൽ ശുപാർശപ്രകാരമുളള നടപടികൾ പ്രാവർത്തികമാകുന്നതാണ്. ശുപാർശപ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

<u>പൊതു ശുപാർശ നമ്പർ 20</u>

സംസ്ഥാന സർക്കാർ പുതുതായി പ്രഖ്യാപിച്ച പദ്ധതികളായ പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി, കോഴിക്കോട് വിമാനത്താവള വികസനം, കൊച്ചി മെട്രോ റെയിൽപ്പാത തുടങ്ങിയ പദ്ധതികൾക്കായി ഭൂമി കണ്ടെത്തുന്ന ജോലി പൂർണ്ണമായും റവന്യൂ, സർവെ വകുപ്പുകളിലൂടെയാണ് നടത്തുന്നത്. ഇത്തരം പദ്ധതികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ പ്രത്യേകം ജീവനക്കാരെ നിയമിച്ച് പ്രത്യേക വിഭാഗം രൂപീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തിയതിനുശേഷമുളള സർവ്വെ ജോലികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒന്നാമത് റിപ്പോർട്ട് (2006-2007)

<u>ശുപാർശ നമ്പർ 8</u>

<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

അപ്രന്റീസ് ആക്ട് അനുസരിച്ച് ഈ വകുപ്പിൽ നിയമിക്കേണ്ട സർവെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നിവർക്ക് സ്റ്റൈപ്പെന്റ് നൽകുന്നതിന് 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷം ഈ ഇനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടില്ല.

<u>ശുപാർശ നമ്പർ 23</u>

ഭൂപരിഷ്ക്കരണ നിയമപ്രകാരം ഏറ്റെടുത്ത ഭൂമി അളന്നു തിട്ടപ്പെടുത്തി ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ചുനൽകാൻ ആവശ്യമായ ഗവൺമെന്റ്

സർവെയർമാരുടെ അഭാവമുള്ളതിനാൽ, ഒഴിവുള്ള തസ്തികകൾ എത്രയുംവേഗം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുവാനും പി. എസ്. സി. യിൽ നിന്ന് നിയമനം ലഭിക്കുന്ന ആളുകൾ വരുന്നതുവരെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിൽ ആളെ നിയമിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്തിരുന്നതിനാലും പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടായിരുന്നതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താല്ക്കാലിക അടിസ്ഥാനത്തിൽ സർവെയർമാരെ വകുപ്പിൽ നിയമിക്കേണ്ടിവന്നിട്ടില്ല.

## ഒന്നാമത് റിപ്പോർട്ട് (1997-1998)

ശുപാർശ നമ്പർ 4

4100 കുടികിടപ്പുകാർക്ക് ഇനിയും പട്ടയം നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സമയബന്ധിത അടിസ്ഥാനത്തിൽ ഇതു നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുടികിടപ്പ് സംബന്ധിച്ച കേസുകളിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2010 ഡിസംബർവരെ 2372 കേസുകൾ മാത്രമാണ് തീർപ്പാക്കാൻ ശേഷിക്കുന്നത്. തീർപ്പാക്കാനവശേഷിക്കുന്ന കേസുകളിൽ ഓരോ മാസവും പുതുതായി ലഭിക്കുന്ന കേസുകളുടെ വിവരവും ഉൾപ്പെടുന്നു. തീർപ്പാക്കുവാൻ ബാക്കിയുള്ള കേസുകൾ അടിയന്തിരമായി തീർപ്പാക്കാൻ ലാന്റ് ബോർഡ് സെക്രട്ടറി എല്ലാ ലാന്റ് ട്രിബ്യൂണലുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട്

ശുപാർശ നമ്പർ 37

സുനാമിയിൽ തീരപ്രദേശത്തെ മനുഷ്യജീവിതം ദുരിതപൂർണ്ണവും ദുസ്സഹവുമായി മാറിയെങ്കിലും സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി തീരപ്രദേശങ്ങളിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഫിഷറീസ് വകുപ്പിന്റെ സഹായത്തിനുപുറമെ മറ്റു വകുപ്പുകളുടെ സഹായവുംകൂടി ലഭിച്ചാൽ മാത്രമേ തീരപ്രദേശത്ത് വലിയ തോതിലുള്ള വികസനം സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു. ദുരിതസാധ്യത ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളാണ് കടൽത്തീരങ്ങൾ എന്നതുകൊണ്ടുതന്നെ ഫിഷറീസ് വകുപ്പിന്റെ ഫണ്ടിനുപുറമേ മറ്റു വകുപ്പുകളും എല്ലാ വർഷവും ആവശ്യമായ സഹായം ലഭ്യമാക്കണമെന്നും സർക്കാരിന്റെ ശ്രദ്ധയും അഡീഷണൽ ഫണ്ടും ഇതിനായി നീക്കിവയ്ക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 38

ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ സുനാമിബാധിതരെ കൂടാതെ അപകടമേഖലയിൽ താമസിക്കുന്നവർക്കുകൂടി വീട് നിർമ്മിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള സംവിധാനം ഈ പദ്ധതിമുഖേന നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. ഈ പ്രവൃത്തികളെല്ലാം 2011 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2011 സെപ്റ്റംബർ 30-നകം ഭവനനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 39

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ നിലവിൽവന്ന കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ തീരപ്രദേശത്തിന്റെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിൽ ഒരു കോസ്റ്റൽ അക്കാഡമി അനുവദിക്കാമെന്ന് പ്രതിരോധവകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ അതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി 50 ഏക്കർ ഭൂമി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ റവന്യൂ (എൻ) വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 40

തീരപ്രദേശത്ത് ബൃഹത്പദ്ധതികളായ ഹാർബറുകൾ നിർമ്മിക്കുന്നതിനോടൊപ്പം കൂടുതൽ കടൽക്ഷോഭം ഉണ്ടാകുന്ന മേഖലകളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതും ജൈവ കവച നിർമ്മാണം വ്യാപിപ്പിക്കുന്നതിനുമുള്ള ലഘുപദ്ധതികൾ നടപ്പിലാക്കുന്നതുമായിരിക്കും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കടൽത്തീരത്ത് എവിടെയെല്ലാമാണ് കടൽഭിത്തി നിർമ്മിക്കേണ്ടത് എന്നതിനെക്കുറിച്ച് ഒരു പഠനം നടത്തണമെന്നും 2006-2007-ൽ ചെന്നൈ ഐ.ഐ.റ്റി.വഴി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശാസ്ത്രസാങ്കേതിക വകുപ്പിനും ജലവിഭവ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 41

തീരപ്രദേശത്ത് കടൽക്ഷോഭമോ മറ്റെന്തെങ്കിലും പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ നിലവിലുള്ള ആളുകളെ മാറ്റിപാർപ്പിക്കുന്നത് സ്കൂളുകളിലാണ്. അങ്ങനെവരുമ്പോൾ സ്കൂളുകൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് കടൽത്തീരത്ത് സ്ഥിരമായുള്ള ഷെൽറ്ററുകൾ ആവശ്യമാണ്. ആളുകളെ മാറ്റിതാമസിപ്പിക്കേണ്ടിവരുന്ന അവസരങ്ങളിൽ ഈ സ്ഥിരം ഷെൽറ്ററുകൾ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് മാത്രമല്ല മറ്റു സാഹചര്യങ്ങളിൽ പഞ്ചായത്തുകളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും. ആയതിനാൽ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിരിക്കുന്ന ഷെൽറ്ററുകളുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊടുക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഷെൽറ്ററുകൾ പണിതുകഴിഞ്ഞാൽ ആയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ നമ്പർ 42

സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി തീരദേശത്ത് ഏകദേശം ഒരു ലക്ഷം വനിതകളെ ഉൾപ്പെടുത്തികൊണ്ട് 2500 എസ്.എച്ച്.ജി.കൾ ഉണ്ടാക്കിയിട്ടുണ്ടെന്നും മത്സ്യവിഭവങ്ങളും മത്സ്യേതര വിഭവങ്ങളും ഉണ്ടാക്കുന്ന 2000 യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ഈ യൂണിറ്റുകളുടെ പ്രവർത്തനം സ്ഥിരമായി നടത്താൻ കഴിയുന്നതിനുള്ള സഹായവും വിപണിയും ഫിഷറീസ് വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 43

സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി ഡബിൾ സ്പീഡിൽ പോകുന്ന വോൾവോ എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള മൂന്ന് സുരക്ഷാബോട്ടുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ വിഴിഞ്ഞം, കൊല്ലം, എറണാകുളം എന്നിവിടങ്ങളിൽ മാത്രമാണ് ഈ ബോട്ടുകൾ ഉള്ളത്. ഈ ബോട്ടുകൾ വളരെ ചെറുതായതിനാൽ എവിടെയും പെട്ടെന്ന് എത്താൻ കഴിയും. കൂടാതെ കായലിലും ഇവയുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയും. അപകടം സംഭവിച്ചാൽ പെട്ടെന്ന് രക്ഷാപ്രവർത്തനം നടത്താൻ സാധിക്കുന്ന ഇത്തരം സുരക്ഷാബോട്ടുകൾ എല്ലാ തീരദേശ ജില്ലകളിലുംകൂടി അടിയന്തിരമായി വാങ്ങാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 44

മത്സ്യഫെഡ്, സുനാമി പുനരധിവാസ പദ്ധതിപ്രകാരം നൽകിയ എൽ.പി.ജി. കിറ്റ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രം ഘടിപ്പിച്ച (ഒ.ബി.എം.) വള്ളങ്ങൾക്ക് ആവശ്യമായ പിക്കപ്പ് ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. ഡീസൽ വില ഉയർന്നതിനാൽ കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ ഈ സെക്ടറിൽ തുടർച്ചയായി ലഭിക്കാൻ സാധിക്കുന്നവിധത്തിൽ സർക്കാർ സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 45

ബൾക്ക് ലാന്റിംഗ് സമയത്ത് ലഭിക്കുന്ന മത്സ്യസമ്പത്ത് മുഴുവനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പൂർണ്ണപ്രയോജനം ലഭിക്കുന്നില്ല. ഇപ്പോൾ റെഫ്രിജറേറ്റർ വാൻ മുഖേന മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുപോയി വില്ക്കുകയാണ് ചെയ്യുന്നത്. ഫിഷ്മിൽ പ്ലാന്റുകൾ സ്ഥാപിക്കുക എന്നതാണ് ഇതിന് ഒരു പരിഹാരമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആറാട്ടുപുഴ സ്പെഷ്യൽ പാക്കേജ് മുഖേന ഒരു ഫിഷ്മിൽ പ്ലാന്റ് സ്ഥാപിച്ചത് ഉടനെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് വലിയ സാമ്പത്തികനേട്ടം ലഭിക്കുന്ന ഇത്തരം ഫിഷ്മിൽ പ്ലാന്റുകൾ അഴിക്കോട് (തൃശ്ശൂർ), കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ അടിയന്തിരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 46

ഓട്ടോമാറ്റിക് യന്ത്രങ്ങളുടെ സഹായത്താൽ നാല് ഡ്രൈഫിഷ് യൂണിറ്റുകൾ ഒമാൻ സർക്കാരുമായി കരാർ ഒപ്പുവയ്ക്കാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. സാമ്പത്തികനേട്ടം ഉണ്ടാകുന്ന ഇത്തരം യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 47

സുനാമി പുനരധിവാസ പദ്ധതികൾക്കുള്ള സഹായം 31-3-2011-ന് അവസാനിക്കുമെങ്കിലും പ്രസ്തുത പദ്ധതികൾമുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ

തുടർപരിപാലനത്തിനും തീരദേശമേഖലയുടെ വികസനത്തിനുമായി തുടർന്നും വിവിധ വകുപ്പുകളുടെ ധനസഹായം ഉണ്ടാകണമെന്നും ഈ പദ്ധതികളുടെ നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നതിന് നിലവിലുള്ളതുപോലെ മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും തുടർന്ന് നിലനിർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും തുടർന്നും നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2-3-2012-ലെ സമിതി യോഗം പരിഗണിച്ച താഴെ പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളും നടപടികളും ഉൾക്കൊള്ളുന്ന യോഗനടപടിക്കുറിപ്പ് അനുബന്ധം X ആയി ചേർത്തിരിക്കുന്നു.

## ഒന്നാമത് റിപ്പോർട്ട് (2006-2007)

ശുപാർശ നമ്പർ 16

പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനേജ്മെന്റിനുള്ള വൈദഗ്ദ്ധ്യമില്ലാത്തുകാരണം ദുരിതാശ്വാസ പ്രവർത്തന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നുണ്ട്. ഇതിനായി റവന്യൂ വകുപ്പിന്റെകീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനെ ഡിസാസ്റ്റർ മാനേജ്മെന്റായി ഉയർത്തേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുന്നതിനും ഇതനുസരിച്ച് പ്രാവർത്തികമാക്കേണ്ട പദ്ധതികളുടെ നടപ്പു ചെലവുകൾക്കുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2006-2007 സാമ്പത്തിക വർഷം ഗ്രാന്റ് ഇൻ എയ്ഡ് ആയി 23.65 ലക്ഷം രൂപയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന് ലഭിച്ചിട്ടുണ്ട്.

## രണ്ടാമത് റിപ്പോർട്ട് (2007-2008)

ശുപാർശ നമ്പർ 30

സംസ്ഥാനത്തെ റവന്യൂ വകുപ്പിന്റെകീഴിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നാക്കി മാറ്റിയിരിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പരിശീലന ത്തിനും മറ്റും ആവശ്യമായിവരുന്ന തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണ ലക്ഷ്യം പൂർത്തിയാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 75 ലക്ഷം രൂപ നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 വർഷം 26 ലക്ഷം രൂപ മാത്രമാണ് ഗ്രാന്റ് ഇൻ എയ്ഡ് ആയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന് ലഭിച്ചത്.

## ശുപാർശ നമ്പർ 44

കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം വഹിക്കേണ്ടിവന്ന ജന്മിക്കാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിൽ തുക വിനിയോഗിക്കുന്നത്. പാവപ്പെട്ട മുൻ ജന്മിമാർക്ക് പ്രതിമാസം നൽകിവരുന്ന പെൻഷനായ 500 രൂപ 1,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

24-10-2011 ജി.ഒ.(എംഎസ്.)നമ്പർ 389/2011/റവന്യു നമ്പർ ഉത്തരവ് പ്രകാരം മുൻ ജന്മിമാർക്ക് നൽകിവന്നിരുന്ന പെൻഷൻ തുക 500 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് എസ്.ആർ.ഒ. നമ്പർ 703/2011 ആയി 4-11-2011-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സമിതി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 2012 ജനുവരി 19-ാം തീയതി ചർച്ച നടത്തി. യോഗനടപടിക്കുറിപ്പ് അനുബന്ധം IX ആയി ചേർത്തിരിക്കുന്നു.

## ഭാഗം II

(എ) ബിൽ പരിഗണന

(1) സമിതി 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 2011 ജൂലൈ 18-ാം തീയതി പരിഗണിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് 2011 ജൂലൈ 19-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. യോഗനടപടിക്കുറിപ്പ് അനുബന്ധം I ആയി ചേർക്കുന്നു.

(2) സമിതി 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ 2011 സെപ്റ്റംബർ 27-ാം തീയതി പരിഗണിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് 2011 ഒക്ടോബർ 11-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. യോഗനടപടിക്കുറിപ്പ് അനുബന്ധം V ആയി ചേർക്കുന്നു.

(ബി) ചട്ടങ്ങളുടെ പരിഗണന

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അതോടൊപ്പം ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. യോഗനടപടിക്കുറിപ്പ് അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.

1. കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം.

പ്രസ്തുത കരട് ചട്ടം പരിഗണിച്ച 2011 ഒക്ടോബർ 13-ലെ സമിതി യോഗം, ഫാറം നമ്പർ 20-ന്റെ നോട്ടിൽ “for the period of 12 years” എന്നത് “for the period of 20 years” എന്നാക്കി മാറ്റി താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

*Note*.—The Lands assigned Under Section 96 of the Kerala Land Reforms Act, 1963 (1 of 1964) shall not, subject to the provisions of Sub-rules (2) to (5) of Rule 29 of the Kerala Land Reforms (Ceiling) Rules, 1970, be alienable for a period of 20 years from the date of assignment or for the period during which the charge created under Sub-Section (3) of Section 97 of the Act, Subsists, whichever is later.

2. 1964-ലെ കേരള ഭൂമിപതിവ് നിയമം/ചട്ടങ്ങൾ പാട്ടവ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള ഭൂമിയുടേയും വൃക്ഷങ്ങളുടേയും പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കുന്ന കരട് ചട്ടം.

സർക്കാർ ഭൂമി പാട്ടത്തിന് നൽകുകയും നിയമപരമായി പാട്ട തുക അടയ്ക്കാതിരിക്കുകയും ചെയ്യുകവഴി ഉണ്ടായ ഭീമമായ കുടിശ്ശിക ഇല്ലാതാക്കുവാൻ ഗവൺമെന്റ് വൺടൈം സെറ്റിൽമെന്റ് 2001-ൽ അനൗൺസ് ചെയ്തതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് 20% പോലും കുടിശ്ശിക അടയ്ക്കാത്തവർക്ക് ഭൂമി പതിച്ചുകൊടുത്തത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് 2012 മാർച്ച് 2-ാം തീയതിയിലെ സമിതിയോഗം നിർദ്ദേശിച്ചു.

(സി) എസ്.ആർ.ഒ.യുടെ സാധൂകരണം

യോഗനടപടിക്കുറിപ്പ് അനുബന്ധം VI ആയി ചേർക്കുന്നു.

(1) 2007-ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് റൂൾസിൽ ഭേദഗതി വരുത്തി പ്രസിദ്ധപ്പെടുത്തിയ എസ്.ആർ.ഒ. നമ്പർ 967/2010-ന്റെ സാധൂകരണം 13-10-2011-ലെ സമിതി യോഗം സാധൂകരിച്ചു.

(2) കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 118 എ വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച് താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ പരാതി സമർപ്പിക്കുന്നതിനുള്ള അധികാരം തഹസിൽദാരിൽനിന്നും അഡീഷണൽ തഹസിൽദാർക്ക് നൽകികൊണ്ടുള്ള എസ്. ആർ. ഒ. നമ്പർ 1021/2009-ന്റെ സാധൂകരണം 13-10-2011-ലെ സമിതിയോഗം സാധൂകരിച്ചു.

അടൂർ പ്രകാശ്,

ചെയർമാൻ,

സബ്ജക്റ്റ് കമ്മിറ്റി II.

തിരുവനന്തപുരം,

2-5-2012.

## അനുബന്ധം I

## 2011 ജൂലൈ 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 ജൂലൈ മാസം 18-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 3.45-ന് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്ക്
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. പാലോട് രവി
6. ശ്രീ. വി. പി. സജീന്ദ്രൻ
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ജി. അനിൽ കുമാർ, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീ. എസ്. സന്തോഷ്, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി എം. എ. റജീന ബീഗം, സെക്ഷൻ ഓഫീസർ, റവന്യൂ വകുപ്പ്.

സമിതി 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടു കൂടി അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 2 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"12-ാം വകുപ്പിനുള്ള ഭേദഗതി:—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക).

12-ാം വകുപ്പിൽ,

(എ) (1)-ാം ഉപവകുപ്പിൽ "റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾക്കുപകരം "വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഈ ആക്ടിലെ ലംഘനം സംബന്ധിച്ച് തനിക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയാൽ അയാൾ 23-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്.".

5-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"5. സാധൂകരണം:—2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 38)-ന്റെ (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും ;

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്ക് മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻകീഴിൽ ചെയ്തതായി കരുതപ്പെടേണ്ടതുമാണ്."

ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ., ശ്രീ. സി. കെ. നാണു, എം. എൽ. എ., ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ., ശ്രീ. വി. എസ്. സുനിൽ കുമാർ, എം. എൽ. എ. എന്നീ അംഗങ്ങൾ 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.30-ന് സമാപിച്ചു.

## അനുബന്ധം II

# 2011 ജൂലൈ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 ജൂലൈ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്ക്
2. ശ്രീ. സി. കെ. നാണു
3. ശ്രീ. എ. പ്രദീപ്കുമാർ
4. ശ്രീ. പാലോട് രവി
5. ശ്രീ. വി. പി. സജീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ)
2. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, ലാന്റ് ബോർഡ്
3. ശ്രീമതി കെ. ബി. വൽസലകുമാരി, ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ്
4. ശ്രീ. കെ. അജിത്കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
5. ശ്രീമതി ശോഭന, കെ. കെ., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീമതി ഷീല, കെ. എസ്., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീ. ജെ. കെ. മനോജ്കുമാർ, കമ്മീഷണർ, ലാന്റ് റവന്യൂ
8. ഡോ. ഡി. സജിത്ബാബു, അസിസ്റ്റന്റ് കമ്മീഷണർ (ലാന്റ് അക്വിസിഷൻ)
9. ഡോ. ഗീത, എ., അസിസ്റ്റന്റ് കമ്മീഷണർ (എസ്.സി.), ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസ്

10. ശ്രീമതി സി. എ. ലത, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
11. ശ്രീ. ആർ. പ്രഫുല്ലകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
12. ശ്രീ. കെ. വിജയൻ, ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ് ഡിപ്പാർട്ട്മെന്റ്
13. ശ്രീ. പി. ചന്ദ്രമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസ്.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുളള ധനാഭ്യർത്ഥന നമ്പർ VI, XXVI എന്നിവ സംബന്ധിച്ച് ലഭ്യമായ കുറിപ്പുകൾ പരിഗണിക്കുകയും ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

സംസ്ഥാനത്ത് ജന്മിക്കരം ഇപ്പോൾ പിരിക്കുന്നുണ്ടോ എന്നും പിരിക്കുന്നുണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജന്മിക്കരം പിരിച്ചതുവഴി ഉണ്ടായ വരുമാനം എത്രയാണ് എന്നും സമിതി ആരാഞ്ഞു. ജന്മിക്കരം വളരെ തുച്ഛമായ തുകയാണെങ്കിൽ പിരിക്കാനുളള ചെലവായിരിക്കും പിരിഞ്ഞുകിട്ടുന്ന തുകയേക്കാൾ കൂടുതലെന്നും പിരിക്കുന്നതിനുളള ചെലവ് കൂടുകയും പിരിഞ്ഞുകിട്ടുന്ന തുക ഇല്ലാതാകുകയും ചെയ്യുന്ന അവസ്ഥ വരികയും ചെയ്യുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ജന്മിക്കരം പിരിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര തുകയാണ് പിരിക്കുന്നത് എന്നത് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ജോലിയുടെ ഭാഗമായി വില്ലേജാഫീസർക്ക് പുറത്ത് പോകേണ്ടിവരുന്ന സന്ദർഭങ്ങളിൽ വില്ലേജാഫീസറെ സന്ദർശിക്കാനെത്തുന്ന പൊതുജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ ആയത് പരിഹരിക്കാൻ എന്തുമാർഗ്ഗം സ്വീകരിക്കാൻ കഴിയുമെന്ന് സമിതി ആരാഞ്ഞു. എല്ലാ വില്ലേജാഫീസുകളിലും വില്ലേജാഫീസർ നമ്പർ-2 ആയി സ്പെഷ്യൽ വില്ലേജാഫീസർ ഉണ്ടെന്നും, സ്പെഷ്യൽ വില്ലേജാഫീസറിൽ നിന്ന് ഡെപ്യൂട്ടി വില്ലേജ് ഓഫീസർക്ക് അധികാരം നൽകിയാൽ ഈ പ്രശ്നത്തിന് പരിഹാരമാകും എന്നും റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. അപ്രകാരം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുളള വിവരം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

വില്ലേജാഫീസിൽ നിന്ന് വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റിന്റെ വാലിഡിറ്റി ഒരു വർഷം അല്ലെങ്കിൽ ആറുമാസമാക്കാത്തത് എന്തുകൊണ്ടാണ് എന്ന് സമിതി ആരാഞ്ഞു. സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലാവധി പാലിക്കുന്നുണ്ട് എന്നും ചില സർട്ടിഫിക്കറ്റുകൾ ലൈഫ് സർട്ടിഫിക്കറ്റാണെന്നും വരുമാന സർട്ടിഫിക്കറ്റിന് ഒരു വർഷത്തെ കാലാവധിയുണ്ടെന്നും, മറ്റുചില സർട്ടിഫിക്കറ്റുകൾക്ക് ആറ് മുതൽ എട്ട് വർഷത്തെ കാലാവധിയുണ്ടെന്നും ഇതുസംബന്ധിച്ച ഉത്തരവ് നിലവിലുണ്ടെന്നും, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഉത്തരവ് നിലവിലുണ്ടെങ്കിലും വില്ലേജാഫീസുകളിൽ ഇതു നടപ്പിലാക്കുന്നില്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളിലും ഒന്നുകൂടി നല്കണമെന്നും ഉത്തരവിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വില്ലേജാഫീസുകളുടെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കമ്പ്യൂട്ടർവൽക്കരണം, സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യം തുടങ്ങിയവ അടിയന്തിരമായി നടപ്പിലാക്കി വില്ലേജാഫീസുകൾ നവീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

റീ സർവ്വെ സംബന്ധിച്ച് ലക്ഷക്കണക്കിന് പരാതികൾ ഉണ്ടായിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഈ പരാതികൾ എങ്ങനെ പരിഹരിക്കാം എന്നതിനെക്കുറിച്ചും, പ്രായോഗികമായി റീ സർവ്വെ നടപടികൾ എങ്ങനെ പൂർത്തിയാക്കും എന്നതിനെ സംബന്ധിച്ചും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു:

1. സർവ്വെ ഡിപ്പാർട്ട്മെന്റ് കഴിയുന്നത്ര വില്ലേജുകൾ ഏറ്റെടുത്ത് റീ സർവ്വെ ചെയ്യേണ്ടതും, ആറ് മാസത്തിനുള്ളിൽ എന്തു പുരോഗതി കൈവരിച്ചു എന്ന് വിലയിരുത്തുന്നതിന് ഒരു സിസ്റ്റം ഉണ്ടാക്കേണ്ടതും ബാക്കി വില്ലേജുകൾ റീ സർവ്വെ ചെയ്യുന്നതിനായി NIC പോലുള്ള ഇന്ത്യാ ഗവൺമെന്റ് സ്ഥാപനങ്ങളെ ഏർപ്പെടുത്തി നൂതന സാങ്കേതികവിദ്യ സ്വീകരിച്ച് റീ സർവ്വെ ജോലികൾ പൂർത്തിയാക്കേണ്ടതും ആയത് സർവ്വെ വകുപ്പ് പരിശോധിച്ച് സർട്ടിഫൈ ചെയ്ത് നൽകേണ്ടതുമാണ്. ഒന്നര വർഷത്തിനുള്ളിൽ സംസ്ഥാനത്ത് റീ സർവ്വെ ജോലികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പ് കൈക്കൊള്ളേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

2. സർവ്വെ വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

റീ സർവ്വെ കഴിഞ്ഞ വില്ലേജുകളിൽ പോക്കുവരവിൽ ധാരാളം പ്രശ്നങ്ങളുണ്ട് എന്നും, റീ സർവ്വെ നടക്കാത്ത വില്ലേജുകളിൽ, ഒരു സബ്ഡിവിഷൻ നമ്പർ നൽകിയതിനുശേഷം നമ്പരിൽ മാറ്റം വരുത്തുകയാണെന്നും സമിതി അഭിപ്രായപ്പെട്ടു. റീ സർവ്വെ നടത്തിയ വില്ലേജുകളിൽ പോക്കുവരവിന്റെ പ്രശ്നം ഉണ്ടാകുന്നതിനുള്ള കാരണം സമിതി ആരാഞ്ഞു.

റീ സർവ്വെ ചെയ്യുന്നതിനും മറ്റ് സർവ്വെ വർക്കുകൾ ചെയ്യുന്നതിനുമായി സർവ്വെ ഡിപ്പാർട്ട്മെന്റിനെ വിഭജിച്ച് പോക്കുവരവ് കേസുകളും സബ്ഡിവിഷൻ കേസുകളും സമയബന്ധിതമായി ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഒരു പോക്കുവരവിന് അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ കൃത്യം ഒരുമാസം കഴിഞ്ഞ് തീർത്തിരിക്കണമെന്ന് ഉത്തരവ് നല്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രസ്തുത ജി.ഒ.യുടെ പകർപ്പ് സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി താഴെപ്പറയുന്ന ശുപാർശകളോടെ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമായ ധനാഭ്യർത്ഥനകൾ അംഗീകരിച്ചു:

## ധനാഭ്യർത്ഥന നമ്പർ VI

2029-00-001-99-05(4)—മറ്റിനങ്ങൾ

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-001-99-05(3)—ടെലിഫോൺ ചെലവ്

14-2-2010-ലെ ജി.ഒ (എംഎസ്.) നമ്പർ 508/2010/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിലെ എല്ലാ വില്ലേജാഫീസർമാർക്കും മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 83,24,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-101-99(04)-1—യാത്രാബത്ത

സംസ്ഥാനത്താകമാനമുള്ള വില്ലേജ് ജീവനക്കാരുടെ യാത്രാബത്ത വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-800-77—റവന്യൂ വകുപ്പിന്റെ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം

17-6-2010-ലെ ജി.ഒ.(ആർറ്റി.) 3867/2010/ആർ.ഡി. ഉത്തരവിലൂടെ തൃശ്ശൂർ താലൂക്കാഫീസ് മന്ദിരത്തിന്റെ സംരക്ഷണത്തിന് 50 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും ലഭ്യമായിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തികവർഷം ചെലവഴിക്കാത്തതിനാൽ ടി തുക സറണ്ടർ ചെയ്തതായും മാനന്തവാടി, വൈത്തിരി താലൂക്കാഫീസുകളുടെ സംരക്ഷണത്തിന് 13.4 ലക്ഷം രൂപയുടെ ഭരണാനുമതി 1-11-2010-ലെ ജി.ഒ.(ആർറ്റി.) 4699/2010/ആർ.ഡി. നമ്പർ ഉത്തരവിലൂടെ ലഭ്യമായതായും സമിതി മനസ്സിലാക്കി. ആയതിനാൽ തൃശ്ശൂർ, മാനന്തവാടി, വൈത്തിരി താലൂക്കാഫീസുകളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 63,40,000 രൂപ ഉൾപ്പെടെ ആകെ 1,63,40,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-800-92—ജന്മിക്കരം (നിർത്തലാക്കൽ) നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകൽ

ഈ ശീർഷകത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക വിതരണം ചെയ്യുന്നതിന് മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-102-95-21(1)
2029-00-102-99-21(1) } മോട്ടോർ വാഹനങ്ങൾ

ഈ വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണെന്ന് സമിതി മനസ്സിലാക്കി. ഈ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തികവർഷവും തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-102-95-02—വേതനം

സർവ്വെ വകുപ്പിലെ പാർട്ട്ടൈം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 64,98,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-102-99-04(1)—യാത്രാബത്ത

ആധുനിക സർവ്വെ ഉപകരണങ്ങളിൽ പരിശീലനം നേടുന്നതിന് ഹൈദരാബാദിൽ ട്രെയിനിംഗിന് പോകുന്ന സർവ്വെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ പ്രത്യേക ഫണ്ടില്ല എന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 75,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2506-00-800-99—റവന്യൂ മെഷിനറി ശക്തിപ്പെടുത്തലും ഭൂമി സംബന്ധമായ റിക്കാർഡുകൾ ശരിയാക്കലും (50% കേന്ദ്ര സഹായം)

2011-12 സാമ്പത്തിക വർഷത്തിൽ റീ സർവ്വെ ജോലികളുടെ പുരോഗതിക്കായി ടോട്ടൽ സ്റ്റേഷനുകളും ഡിജിറ്റൈസേഷൻ ജോലികൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിനും വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഓഫീസ് കെട്ടിടങ്ങൾക്ക് ഘട്ടംഘട്ടമായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും സൂപ്രണ്ട് ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകൾക്ക് ടെലിഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സർവ്വെ ഡയറക്ടറേറ്റിനുവേണ്ടി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുകയും ഇലക്ട്രിക്കൽ ജോലിക്കായി പ്രത്യേകമായി 120 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2506-00-103-94—ഭൂരേഖകളുടെ ആധുനികവത്കരണം (എൻ.എൽ.ആർ.എം.പി.) ഭൂരേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം (100% കേന്ദ്ര സഹായം)

100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 103.95 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVI

2245—<u>പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം</u>

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2011 ആഗസ്റ്റ് മാസം 17-ാം തീയതി കർഷകദിനമായതിനാൽ ആ ദിവസം ചേരാനിരുന്ന സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം ആഗസ്റ്റ് മാസം 20-ാം തീയതി ചേരുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.45 മണിക്ക് പിരിഞ്ഞു.

## അനുബന്ധം III

## 2011 ആഗസ്റ്റ് 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 ആഗസ്റ്റ് മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. നാണു
2. ശ്രീ. എ. പ്രദീപ്കുമാർ
3. ശ്രീ. പാലോട് രവി
4. ശ്രീ. വി. പി. സജീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, ലാന്റ് ബോർഡ്
2. ശ്രീ. കെ. സി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി കെ. കെ. ശോഭന, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി എസ്. കെ. രാജലക്ഷ്മി, അഡീഷണൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. കെ. രവികുമാർ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
6. ശ്രീ. സി. രഘു, ജോയിന്റ് കമ്മീഷണർ (റവന്യൂ)
7. ശ്രീമതി എ. ഗീത, അസിസ്റ്റന്റ് കമ്മീഷണർ (എസ്.സി.), ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസ്

8. ശ്രീ. പി. ചന്ദ്രമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസ്

9. ശ്രീമതി പി. കെ. ഗിരിജ, അസിസ്റ്റന്റ് കമ്മീഷണർ (ആർ. ഇ.)

10. ശ്രീ. കെ. ശശി, ഫിനാൻസ് ഓഫീസർ, സ്റ്റേറ്റ് ലാന്റ് ബോർഡ്

11. ശ്രീമതി വി. ആർ. മിനി, അണ്ടർ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

12. ശ്രീ. സി. ആർ. ജോസ്പ്രകാശ്, എ. ഒ., ഐ.എൽ.ഡി.എം.

സമിതി 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന, എന്നിവ സംബന്ധിച്ച് റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമായ കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ധനാഭ്യർത്ഥനയിലെ ദുരന്തനിവാരണവും ലഘൂകരണവും പുനരധിവാസവും എന്ന ഹെഡ്ഡിൽ 85,00,000 രൂപയാണ് വകയിരുത്തിയിരിക്കുന്നതായി കാണുന്നത്. ഈ തുക ആവശ്യത്തിന് മതിയാകുമോ എന്നും, കഴിഞ്ഞവർഷം എത്ര രൂപയാണ് ഈ ആവശ്യ ത്തിനായി നൽകിയത് എന്നും സമിതി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരോട് ആരാഞ്ഞു. ഇതിന്റെ കൃത്യമായ കണക്ക് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തൃശ്ശൂരിൽ ഒരു ഗ്രൂപ്പ് 22 ഏക്കറോളം നീർത്തടഭൂമി നികത്തിയതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്ന് അന്വേഷണം നടത്തുകയും, ഇവർക്ക് രണ്ട് വില്ലേജ് ഓഫീസുകളിലായി 22.50 ഏക്കർ ഭൂമി ഉള്ളതായി തെളിയുകയും ചെയ്തിട്ടു ണ്ടെന്നും ഇവർക്കെതിരെ ഭൂപരിഷ്കരണ നിയമപ്രകാരമുള്ള കേസെടുത്ത് ആ ഭൂമി പിടിച്ചെടുക്കേണ്ടതാണ് എന്ന റിപ്പോർട്ടിനെ തുടർന്ന് കളക്ടർ അന്വേഷണം നടത്തു കയും ഇവരുടെ പേരിലുള്ള 7-ൽ പരം ഏക്കർ ഭൂമി പിടിച്ചെടുക്കേണ്ടതാണ് എന്നത് സംബന്ധിച്ച കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്നും ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്തെന്നും സമിതി ആരായുകയും ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് ലാന്റ് ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമായ കുറിപ്പുകൾ പരിഗണിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2053-00-093-99-05 (3)—ടെലിഫോൺ ചാർജ്ജ്

ബഡ്ജറ്റ് വിഹിതം : 74,04,000 രൂപ

14-2-2010-ലെ ജി.ഒ. (എംഎസ്.) നമ്പർ 508/2010/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിലെ ഓഫീസർമാർക്ക് മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്

എന്നിരിക്കിലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 5,81,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2053-00-093-99-34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 21,99,000 രൂപ

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും ലഘുഭക്ഷണം നൽകുന്നതിനുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാകുന്നുണ്ടെന്നും, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോട്ടയം, പത്തനംതിട്ട ജില്ലകൾക്കായി 8,25,000 രൂപ ചെലവാകുന്നുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. മാത്രമല്ല, ഗോൾഫ് കോഴ്സ് ജീവനക്കാർക്കുള്ള ശമ്പളവും ഈ ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണം എന്ന് സമിതി ശുപാർശ ചെയ്തു.

2053-00-800-96—കുമരകം ബോട്ട്ജെട്ടി വികസനത്തിനായുള്ള പ്രത്യേക പദ്ധതി

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

കുമരകം ബോട്ട്ജെട്ടി വികസനത്തിനായി ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2053-00-800-98—സംസ്ഥാനത്തെ റവന്യൂ സർവ്വെ ഉദ്യോഗസ്ഥരുടെ കഴിവ് വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള റവന്യൂ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി—ധനസഹായം

ബഡ്ജറ്റ് വിഹിതം : 36,00,000 രൂപ (നോൺ പ്ലാൻ)

30,00,000 രൂപ (പ്ലാൻ)

റവന്യൂ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്ന റവന്യൂ ഇൻസ്റ്റിറ്റ്യൂട്ട് എന്നതിലുപരി, ആയത് ഒരു എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റേണ്ടത് വളരെ അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ILDM-നെ നല്ല രീതിയിൽ വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

ബഡ്ജറ്റ് വിഹിതം : 6,000 രൂപ

തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് നൽകിവരുന്ന പ്രതിമാസവേതനം 500 രൂപയിൽ നിന്നും 1,000 രൂപയായി പുതുക്കി നൽകുന്നതിന് ബഡ്ജറ്റ് വിഹിതം 12,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**മലബാർ ദേവസ്വം ബോർഡ്**

2250-00-103-87-36—മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം : 19,80,00,000 രൂപ

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസ് കെട്ടിടം പണിയുന്നതിനായി സ്ഥലം വാങ്ങുന്നതിനും കാസർഗോഡ്, തലശ്ശേരി, മലപ്പുറം, പാലക്കാട് ഡിവിഷണൽ ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിനുമായി പത്ത് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മലബാർ ദേവസ്വം ബോർഡ് ആസ്ഥാന ഓഫീസിനായി അഴകൊടിയിൽ ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തണമെന്നും, കിട്ടിയില്ലെങ്കിൽ നഗരപ്രദേശത്ത് തന്നെ സ്ഥലം കണ്ടെത്തി എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

പൊതുക്ഷേത്രങ്ങൾക്കുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റ്

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന സാമ്പത്തികമായ പിന്നോക്കാവ സ്ഥയിലുള്ളതും, അടിയന്തിര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതായ അനേകം ക്ഷേത്രങ്ങളുടെ അപേക്ഷകൾ ധനസഹായ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും തുടങ്ങിവച്ച ജീർണ്ണോദ്ധാരണ പ്രവർത്തങ്ങൾ പൂർത്തി യാക്കുന്നതിലേക്കുമായി ഈ ഇനത്തിൽ പത്ത് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ക്ഷേത്രങ്ങൾക്കുള്ള പ്രത്യേക ധനസഹായം

2010-11 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡ് സ്വകാര്യ ക്ഷേത്ര ങ്ങൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ധനസഹായം അനുവദിച്ച സ്വകാര്യ ക്ഷേത്രങ്ങളിൽ 58 എണ്ണം പട്ടികജാതി/പട്ടികവർഗ്ഗം നടത്തിപ്പുകാരായിട്ടുള്ള ക്ഷേത്രങ്ങളാണ്. ഈ ഇനത്തിൽ അർഹമായ എല്ലാ അപേക്ഷകളും പരിഗണിക്കുന്നതിന് അധിക ധനസഹായം അനുവദിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ ഇനത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ക്ഷേത്ര ജീവനക്കാരുടെ ശമ്പള കുടിശ്ശിക

ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ശമ്പള പരിഷ്ക്ക രണ ഫലമായി ക്ഷേത്രങ്ങൾക്കുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് ഈ ഇനത്തിൽ 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കോടതി ചെലവുകൾ

ബോർഡ് രൂപീകരണത്തോടെ സർക്കാർ അഭിഭാഷകരുടെ സേവനം ലഭ്യമല്ലാതായ സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഒരു സ്റ്റാന്റിംഗ് കോൺസലിനേയും പയ്യന്നൂർ, പാലക്കാട്, ഒറ്റപ്പാലം എന്നീ സബ് കോടതികളിൽ ഓരോ സ്റ്റാന്റിംഗ് കോൺസലിനെയും ഏർപ്പെടുത്തിയിട്ടുണ്ട്

എന്ന് സമിതി മനസ്സിലാക്കുന്നു. മറ്റ് സബ്കോടതികളിലും ജില്ലാ കോടതികളിലും അഭിഭാഷകരെ ഏർപ്പെടുത്തുന്നതിനും, അഭിഭാഷകരുടെ പ്രതിഫലം, കോടതി ചെലവുകളുൾപ്പെടെ വിധിന്യായം നടപ്പിലാക്കൽ എന്നിവയ്ക്കായി ഈയിനത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ലാന്റ് കൺസർവൻസി യൂണിറ്റ്

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി സംരക്ഷിക്കുന്നതിനും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ച് പിടിക്കുന്നതിനും ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ യൂണിറ്റിലെ ജീവനക്കാരുടെ ശമ്പളം, കേസ് നടത്തിപ്പ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ദേവസ്വം ബോർഡും റവന്യൂ വകുപ്പും ഒരു സംയുക്ത പരിശോധന നടത്തി ഒരു നിശ്ചിത കാലയളവിനകം ക്ഷേത്രഭൂമി കണ്ടെത്തുന്നതിനും, പ്രായോഗികമായി വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പുതിയ വാഹനങ്ങൾ, അറ്റകുറ്റപ്പണികൾ, പി.ഒ.എൽ. ചാർജ്ജസ് എന്നിവ

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകൾക്ക് ക്ഷേത്രങ്ങൾക്കുള്ള കണക്ക് പരിശോധനയ്ക്കും അംശദായ പിരിവിനുമായി ഓരോ ജീപ്പ് വാങ്ങുന്നതിനും നിലവിലുള്ള മൂന്ന് വാഹനങ്ങളുടെ ഇന്ധനച്ചെലവ്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഓഫീസ് ചെലവുകൾ

മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലിഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി, ഫർണിച്ചർ, മറ്റ് ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ക്ഷേത്രങ്ങൾ ഭിത്തികെട്ടി സംരക്ഷണം

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഭൂമി സുരക്ഷിതമാക്കുന്നതിനായി ചുറ്റുമതിൽ നിർമ്മിക്കുന്നതിനും കമ്പിവേലി കെട്ടുന്നതിനും അതിരുകൾ നിർണ്ണയിക്കുന്നതിനും ഭീമമായ തുക ആവശ്യമായി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേക്കായി 2 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അനുബന്ധം IV

## 2011 ആഗസ്റ്റ് 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 ആഗസ്റ്റ് മാസം 20-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക്ശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു

1. ശ്രീ. പി. ബി. അബ്ദുൾ റസാക്ക്
2. ശ്രീ. സി. കെ. നാണു
3. ശ്രീ. എ. പ്രദീപ്കുമാർ
4. ശ്രീ. വി. പി. സജീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

സമിതി 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന മാറ്റങ്ങളോടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി. സ്വന്തം ഓഫീസ് കെട്ടിടം ഇല്ലാത്ത വില്ലേജുകളിൽ സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യമടക്കമുള്ള അവശ്യ സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയണമെന്നും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉൾപ്പെടെയുള്ള കമ്പ്യൂട്ടർവൽകൃത ഓഫീസുകളായി വില്ലേജ് ഓഫീസുകളെ ആധുനികവൽക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

### മലബാർ ദേവസ്വംബോർഡ്

ലാന്റ് കൺസർവൻസി യൂണിറ്റ്

'ദേവസ്വം ബോർഡും റവന്യൂ വകുപ്പും ഒരു സംയുക്ത പരിശോധന നടത്തി ഒരു നിശ്ചിത കാലയളവിനകം ക്ഷേത്രഭൂമി കണ്ടെത്തുന്നതിനും' എന്നതിന് പകരം 'ദേവസ്വം ബോർഡും റവന്യൂ വകുപ്പും ഒരു സംയുക്ത പരിശോധന നടത്തി ആറു മാസത്തിനകം ക്ഷേത്രഭൂമി കണ്ടെത്തുന്നതിനും' എന്നാക്കി മാറ്റാൻ സമിതി തീരുമാനിച്ചു.

ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം

ജലാശയങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത സ്കീം ഇപ്പോൾ പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്നും, ഈ സ്കീമിൽ പൊതു ഉപയോഗത്തിലുള്ള ക്ഷേത്രക്കുളങ്ങളെ കൂടി ഉൾപ്പെടുത്തണമെന്നുമുള്ള ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ശബരിമല മാസ്റ്റർ പ്ലാനിലെ പ്രധാന ഇനങ്ങൾ നടപ്പിലാക്കുന്നതിനായി 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2053-00-800-90-34—മറ്റ് ചെലവുകൾ

ദുരന്തനിവാരണത്തിനായി താഴെപ്പറയുന്ന രീതിയിൽ ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### ശുപാർശ 3

കുഴൽ കിണറിനകത്ത് വീണ് അപകടത്തിൽപ്പെടുന്നവരെ അടിയന്തിരമായി രക്ഷപ്പെടുത്തുന്നതിനായി ഹൈഡ്രോളിക് റസ്ക്യൂ റ്റൂളും അന്തർദ്ദേശീയമായി ലഭ്യമായ ഏറ്റവും അത്യാധുനിക സാങ്കേതിക സംവിധാനവും ഏർപ്പെടുത്തണമെന്നും ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കണമെന്നും നിലവിലുള്ള ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണോയെന്ന് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

### ശുപാർശ 4

തകർന്ന കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങിയവരേയും കരിങ്കൽ ക്വാറികളിൽ അപകടത്തിൽപ്പെടുന്നവരേയും രക്ഷപ്പെടുത്തുന്നതിനായി തെർമൽ ഇമേജിംഗ് ക്യാമറ, ഗ്രൗണ്ട് പെനിട്രേറ്റിംഗ് റഡാർ എന്നിവയും രക്ഷാപ്രവർത്തനങ്ങൾക്ക് അസ്കലൈറ്റുകൾ,

ഗ്ളോബൽ പൊസിഷനിംഗ് സിസ്റ്റം പുഷ്കൃാമറകൾ, ഇമേജിംഗ് ഇലക്ട്രിക് കൺടക്റ്റിവിറ്റി മീറ്ററുകൾ എന്നിവയും ആവശ്യമായതിനാൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ശുപാർശ 5

രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ച സാങ്കേതിക വിദഗ്ദ്ധരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ശുപാർശ 6

അടിയന്തിരമായി ദുരന്തനിവാരണം നടത്തുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റും, ഫയർ, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളും തമ്മിൽ GPRS, സാറ്റലൈറ്റ് ഫോൺ സംവിധാനം എന്നിവ ഉപയോഗിച്ചുള്ള ആധുനിക കമ്മ്യൂണിക്കേഷൻ സിസ്റ്റം ഉണ്ടാകേണ്ടതും എല്ലാ ഫയർസ്റ്റേഷനുകളും ജില്ലാ കളക്ട്രേറ്റുകളും തമ്മിൽ ഒരു സംയോജിത പ്രവർത്തനം ഉണ്ടാകേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്തു.

സബ്ജക്ട് കമ്മിറ്റി II-ന്റെ (2010-11), 2010 ജൂൺ 29 മുതൽ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തീരദേശ കയ്യേറ്റം സംബന്ധിച്ച എൽ. രാധാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതിയുടെ അടുത്ത യോഗം സെപ്റ്റംബർ മാസം 20-ാം തീയതി മൂന്നാറിൽ വച്ച് ചേരുന്നതിന് സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.40-ന് യോഗം പിരിഞ്ഞു.

## അനുബന്ധം V

# 2011 സെപ്റ്റംബർ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 സെപ്റ്റംബർ മാസം 27-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.10 ന് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. ബാബു എം പാലിശ്ശേരി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. പാലോട് രവി
5. ശ്രീ. എ. പ്രദീപ്കുമാർ
6. ശ്രീ. വി. പി. സജീന്ദ്രൻ
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു. വൈ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സി. പി. രാമരാജ പ്രേമപ്രസാദ്, നിയമവകുപ്പ് സെക്രട്ടറി
2. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. എസ്. സുരേഷ്ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. കെ. മണികണ്ഠൻ, അണ്ടർ സെക്രട്ടറി, നിയമവകുപ്പ്.

സമിതി "2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ" പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 3 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(3) validation"- Notwithstanding the cesser of operation of the Kerala Government Land Assignment (Amendment) Ordinance, 2011 (21 of 2011) (hereinafter referred to as the said Ordinance):—

(a) anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the provisions of the principal Act as amended by this Act;

(b) anything done or any action taken after the cesser of operation of the said Ordinance and before the date of publication of this Act in the Gazette, which could have been done or taken under the principal Act as amended by the said Ordinance; if the said Ordinance had not ceased to operate shall be deemed to have been done or taken under the principal Act as amended by this Act."

ശ്രീ. ബാബു എം. പാലിശ്ശേരി എം.എൽ.എ., ശ്രീ. സി. കെ. നാണു, എം.എൽ.എ., ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ., ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ. എന്നീ അംഗങ്ങൾ 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബില്ലിന് വിയോജനം രേഖപ്പെടുത്തി.

സമിതി 2011 നവംബർ 8-ാം തീയതി മൂന്നാർ സന്ദർശിക്കുന്നതിനും മൂന്നാർ ഗസ്റ്റ് ഹൗസിൽ വച്ച് യോഗം ചേരുന്നതിനും തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

അനുബന്ധം VI

## 2011 ഒക്ടോബർ 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-II, 2011 ഒക്ടോബർ മാസം 13-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5.30-ന് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. സി. കെ. നാണു
3. ശ്രീ. പാലോട് രവി
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. വി. പി. സജീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ്സെക്രട്ടറി, റവന്യൂ
2. ശ്രീമതി കെ. ബി. വൽസലകുമാരി, കമ്മീഷണർ, ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ് & ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റെക്കാർഡ്സ്
3. ശ്രീമതി സി. രമണി, അഡീഷണൽ ലാ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി എസ്. കെ. രാജലക്ഷ്മി, അഡീഷണൽ സെക്രട്ടറി, റവന്യൂ
5. ശ്രീമതി ഷീല, കെ. എസ്., അഡീഷണൽ സെക്രട്ടറി, റവന്യൂ
6. ശ്രീമതി കെ. എസ്. സാറാമ്മ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ
7. ശ്രീ. ടി. എം. മാത്തുക്കുട്ടി, സീനിയർ ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റെക്കാർഡ്സ്
8. ശ്രീ. എസ്. അനൂപ്, ഫിനാൻസ് ഓഫീസർ, സർവ്വെ ആന്റ് ലാന്റ് റെക്കാർഡ്സ്

സമിതിയുടെ സാധൂകരണത്തിനുള്ള എസ്. ആർ. ഒ., കരട് ചട്ടം, 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് എന്നിവ സമിതി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. കരട് ചട്ടത്തിന്റെ പരിഗണന

കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സംബന്ധിച്ച്

(നമ്പർ 11633/സബ്.സി.ബി.1/2011/ലെജി)

പ്രസ്തുത കരട് ചട്ടം പരിഗണിച്ച സമിതി യോഗം ഫാറം നമ്പർ 20-ൽ "for the period of 12 years" എന്നത് "for the period of 20 years" എന്നാക്കി മാറ്റി താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

*Note*:—The lands assigned under Section 96 of the Kerala Land Reforms Act, 1963 (1of 1964) shall not, subject to the provisions of sub-rules (2) to (5) of rule 29 of the Kerala Land Reforms (ceiling) Rules, 1970, be alienable for a period of 20 years from the date of assignment or for the period during which the charge created under sub-section (3) of section 97 of the Act, subsists, whichever is later.

II. എസ്. ആർ. ഒ.-യുടെ സാധൂകരണം

1. 2007-ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് റൂൾസിൽ ഭേദഗതി വരുത്തി പ്രസിദ്ധപ്പെടുത്തിയ എസ്. ആർ. ഒ. നമ്പർ 967/2010-ന്റെ സാധൂകരണം.

(നമ്പർ 11632/സബ്.സി.ബി.1/11/ലെജി)

സമിതി സാധൂകരിച്ചു.

2. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 118 എ വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച് താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ പരാതി സമർപ്പിക്കുന്നതിനുള്ള അധികാരം തഹസിൽദാരിൽ നിന്നും അഡീഷണൽ തഹസിൽദാർക്ക് നൽകിക്കൊണ്ടുള്ള എസ്.ആർ.ഒ. നമ്പർ 1021/2009-ന്റെ സാധൂകരണം.

(നമ്പർ 11891/സബ്.സി.ബി.1/2010/ലെജി.)

പ്രസ്തുത എസ്. ആർ. ഒ. സമിതി സാധൂകരിച്ചു.

III. <u>2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്-തുടർ നടപടി സംബന്ധിച്ച്</u>

(നമ്പർ 15016/സബ്.സി. ബി.1/2010/ലെജി.)

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ മറുപടികൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ശുപാർശ 2</u>

വില്ലേജ് ഓഫീസുകളുടെ ആവശ്യത്തിലേക്കായി എല്ലാ വില്ലേജ് ഓഫീസുകൾക്കും ടു വീലർ വാങ്ങി നൽകുന്നതിനും, പെട്രോൾ അലവൻസ് അനുവദിക്കുന്നതിനും നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ശുപാർശ 3</u>

ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിച്ച് വരുന്ന കാർഡമം സെറ്റിൽമെന്റ് ഓഫീസ് സംവിധാനം ആധുനികവൽക്കരിക്കണമെന്നും, ആവശ്യമായ വാഹനം, ഫോട്ടോ കോപ്പിയർ എന്നിവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>ശുപാർശ 14</u>

റവന്യൂ വകുപ്പിലെ അപ്രന്റീസുകൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് തുക തീരെ അപര്യാപ്തമായതിനാൽ ആയത് 4,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ശുപാർശ 16</u>

അമ്പത് ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന ഈ പ്രോജക്ടിന് മാച്ചിംഗ് എമൗണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഇന്ത്യാ ഗവൺമെന്റിൽ നിന്ന് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുകയുള്ളൂ. ആയതിനാൽ, ആവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ശുപാർശ 17</u>

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലുള്ള 5 സർക്കാർ സർവ്വെ സ്കൂളുകളും എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടി നവീകരിക്കണമെന്നും പ്രസ്തുത സ്ഥാപനത്തിന്റെ പേര് Kerala Institute of Modern Survey എന്നാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി യോഗം വൈകുന്നേരം 7.10-ന് പിരിഞ്ഞു.

## അനുബന്ധം VII

## 2011 നവംബർ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 നവംബർ മാസം 3-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും ഹാജരായിരുന്നു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. സി. കെ. നാണു
3. ശ്രീ. പാലോട് രവി
4. ശ്രീ. വി. പി. സജീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

സമിതി 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 5, 7, 9, 11, 12 എന്നീ ശുപാർശകൾക്ക് ഗവൺമെന്റിൽ നിന്ന് ലഭിച്ച മറുപടി അംഗീകരിച്ചു. 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

### ശുപാർശ 11

3475-00-101-89 എന്ന ശീർഷകത്തിൽ സമിതി ശുപാർശ ചെയ്തപ്രകാരമുള്ള തുക തന്നെ വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

### ശുപാർശ 12

റീ അപ്രോപ്രിയേഷൻ, പ്രൊപ്പോസലുകൾ കൃത്യസമയത്ത് തന്നെ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

8-11-2011-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരുന്ന സമിതിയുടെ മൂന്നാർ സന്ദർശനവും യോഗവും മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## അനുബന്ധം VIII

## 2011 ഡിസംബർ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2011 ഡിസംബർ മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും, താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. ബാബു എം. പാലിശ്ശേരി.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ജയകുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം)
2. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ
3. ശ്രീമതി കെ. ബി. വൽസലകുമാരി, കമ്മീഷണർ, ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ് & ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റെക്കാർഡ്സ്
4. ശ്രീമതി എസ്. കെ. രാജലക്ഷ്മി, അഡീഷണൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. വി. ശ്യാം മോഹൻ, അഡീഷണൽ സെക്രട്ടറി, ഫിഷറീസ്, പോർട്ട്സ് ഡിപ്പാർട്ട്മെന്റ്
6. ശ്രീമതി എൻ. ഗീത, ജോയിന്റ് സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
7. ശ്രീ. കെ. വിജയൻ, ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റെക്കാർഡ്സ് ഡിപ്പാർട്ട്മെന്റ്
8. ശ്രീ. ടി. എം. മാത്യുക്കുട്ടി, സീനിയർ ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റെക്കാർഡ്സ്.

സമിതി വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവുകൾ ശേഖരിക്കുകയും അവയോടൊപ്പം ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ദേവസ്വം വകുപ്പ്

1. 2007-2008-ലെ രണ്ടാമത് റിപ്പോർട്ട്.

(നമ്പർ 13795/സബ്.സി.ബി.1/2007/ലെജി.)

ശുപാർശ നമ്പർ 40

ശബരിമല തീർത്ഥാടന കാലത്ത് ശബരിമലയിലെത്തുന്ന ഭക്തജനങ്ങൾക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടി പത്തനംതിട്ടയിൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തണമെന്ന സമിതി ശുപാർശകളിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിക്കുകയും ടി തുക നിലയ്ക്കലിൽ കൺവെൻഷൻ സെന്റർ തുടങ്ങുന്നതിന് വിനിയോഗിക്കാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

2. 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(നമ്പർ 13795/സബ്.സി.ബി.1/2007/ലെജി.)

ശുപാർശ നമ്പർ 39

ശബരിമല റോഡ് വികസനം സംബന്ധിച്ച പ്രസ്തുത ശുപാർശയിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

3. 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(നമ്പർ 13795/സബ്.സി.ബി.1/2007/ലെജി.)

ശുപാർശ നമ്പർ 53

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഇനിയും പണി പൂർത്തിയാക്കുവാനുള്ള കൊല്ലം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വീടുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണം എന്ന് സമിതി നിർദ്ദേശിക്കുകയും സമിതി ശുപാർശയിന്മേലുള്ള മറുപടി അംഗീകരിക്കുകയും ചെയ്തു.

4. 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(നമ്പർ 13795/സബ്.സി.ബി.1/2007/ലെജി.)

ശുപാർശ നമ്പർ 48, 49

പ്രസ്തുത ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

5. 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(നമ്പർ 13795/സബ്.സി.ബി.1/2007/ലെജി.)

ശുപാർശ നമ്പർ 18, 28, 51

18-ാമത് ശുപാർശയിന്മേൽ സർക്കാരിൽ നിന്ന് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 28

പ്രസ്തുത ശുപാർശയിന്മേലുള്ള മറുപടി സമിതി അംഗീകരിക്കുകയും, താലൂക്ക് ഓഫീസുകൾ, റവന്യൂ റിക്കവറി ഓഫീസുകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന 15 വർഷം കഴിഞ്ഞ വാഹനങ്ങൾ മാറ്റം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

ശുപാർശ നമ്പർ 51

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമായ മറുപടി പരിഗണിച്ച സമിതി, ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച ശുപാർശ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയുന്നതിനും ആയത് എത്രയുംവേഗം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

6. 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(നമ്പർ 15917/സബ്.സി.ബി.1/2008/ലെജി.)

ശുപാർശ നമ്പർ 9, 10, 14, 20

ശുപാർശ നമ്പർ 9

പുതിയ ഹോസ്റ്റൽ നിർമ്മാണത്തിന് ബഡ്ജറ്റ് പ്രൊവിഷൻ ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 10

റവന്യൂ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി ആവശ്യമായ തുക വേണമെന്ന സമിതി ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 14

റവന്യൂ ഡിപ്പാർട്ട്മെന്റ് ഓഫീസുകൾ നവീകരിക്കുന്നതിനായി, സർവ്വെ, രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന Revenue Land Information System Programme നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 20

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

7. 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(നമ്പർ 15498/സബ്.സി.ബി.1/2009/ലെജി.)

ശുപാർശ നമ്പർ 3

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

8. 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(നമ്പർ 15498/സബ്.സി.ബി.1/2009/ലെജി.)

ശുപാർശ നമ്പർ 15

ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

9. 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(നമ്പർ 15498/സബ്.സി.ബി.1/2009/ലെജി.)

ശുപാർശ നമ്പർ 31

ഭൂപരിഷ്ക്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി വേലികെട്ടി സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി 20 ലക്ഷം രൂപ കൂടി ആവശ്യപ്പെടാൻ സമിതി ശുപാർശ ചെയ്തു.

10. 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(നമ്പർ 15498/സബ്.സി.ബി.1/2009/ലെജി.)

ശുപാർശ നമ്പർ 19

സമിതി ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

11. 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(നമ്പർ 15498/സബ്.സി.ബി.1/2009/ലെജി.)

ശുപാർശ നമ്പർ 13

സമിതി ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

12. 2006-2007-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(നമ്പർ 12082/സബ്.സി.ബി.1/2006/ലെജി.)

ശുപാർശ നമ്പർ 8, 23

ശുപാർശ നമ്പർ 8

അപ്രന്റീസ് ആക്ട് അനുസരിച്ച് സർവ്വെ വകുപ്പിൽ നിയമിക്കേണ്ട സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നിവർക്ക് നൽകുന്ന സ്റ്റൈപ്പന്റ് തുക 4,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ശുപാർശ നമ്പർ 23

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

13. 1997-1998-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(നമ്പർ 10546/സബ്.സി.ബി.1/1997/ലെജി.)

ശുപാർശ നമ്പർ 4

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

14. സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട്

(നമ്പർ 11519/സബ്.സി.ബി.1/2010/ലെജി.)

ഖണ്ഡിക 37, 39, 40, 41, 42, 43, 44, 45, 46, 47 എന്നിവ അംഗീകരിച്ചു.

ഖണ്ഡിക 38-ന് ലഭ്യമായ മറുപടി "2012 ജൂൺ 30-നകം" എന്ന് മാറ്റി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

15. 30-5-1999-ലെ യോഗ നിർദ്ദേശത്തിന്മേലുള്ള തുടർനടപടികൾ സംബന്ധിച്ച്

(നമ്പർ 12650/സബ്.സി.ബി.1/1999/ലെജി.)

സമിതിക്കുള്ള കുറിപ്പ് അംഗീകരിച്ചു.

സബ്ജക്ട് കമ്മിറ്റി II-ന്റെ ജനുവരി മാസത്തെ യോഗത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റിനെ കുറിച്ച് ചർച്ച ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി 12.30-ന് യോഗം പിരിഞ്ഞു.

അനുബന്ധം IX

## 2012 ജനുവരി 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2012 ജനുവരി മാസം 19-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. നാണു, എം.എൽ.എ.
2. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്
2. ശ്രീമതി കെ. എസ്. ഷീല, അഡീഷണൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി എസ്. കെ. രാജലക്ഷ്മി, അഡീഷണൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
4. ഡോ. ഡി. സജിത്ത്ബാബു, അസിസ്റ്റന്റ് കമ്മീഷണർ (എൽ. ആർ.)
5. ശ്രീമതി എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ (ഡിസാസ്റ്റർ മാനേജ്മെന്റ്)
6. ശ്രീ. ടി. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
7. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്
8. ശ്രീമതി വി. സി. മേരിക്കുഞ്ഞ്, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്.

സമിതി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. പുതിയതായി രൂപീകരിച്ച ഒരു വകുപ്പാണ് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്. കെമിക്കൽ ഡിസാസ്റ്റർ, ടാങ്കർ ലോറിമൂലമുള്ള ഡിസാസ്റ്റർ തുടങ്ങി സുനാമി പോലുള്ള ഡിസാസ്റ്റർ എന്നിവയ്ക്ക് പരിഹാരം കണ്ടെത്തുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും ആയതിലേക്കായി സംസ്ഥാനത്തെ ബിൽഡിംഗ് റൂൾസിൽ ചില നിർദ്ദേശങ്ങൾ വേണമെന്നും ഇത്തരത്തിലുള്ള ഡിസാസ്റ്റർ നേരിടുന്നതിനായി മാർച്ച് 9, 10 തീയതി

കളിൽ ഡിസാസ്റ്റർ മാനേജ്മെന്റിനെ സംബന്ധിച്ച ഒരു ഇന്റർനാഷണൽ വർക്ക്ഷോപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു. പ്രസ്തുത വർക്ക്ഷോപ്പിൽ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, മറ്റ് സ്റ്റേറ്റുകളിലുള്ള എഫ്.ഡി.എം.എസ്., കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും വിവിധ ഡിപ്പാർട്ട്മെന്റു കളുടെയും പവലിയനുകൾ എന്നിവ ഉൾപ്പെടുത്തുമെന്നും ഒരു ഡിസാസ്റ്റർ ഉണ്ടായാൽ ആ പ്രതിസന്ധി തരണം ചെയ്യുന്നതിനായി കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നതി നായി പാഠപുസ്തകത്തോടൊപ്പം, ഈ വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുസ്തകം കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യു മായി ആലോചന നടക്കുന്നുണ്ടെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

പുതിയതായി ഉണ്ടാകുന്ന ഡിസാസ്റ്റർ നേരിടുന്നതിനായി കുറച്ച് മോഡേൺ എക്യുപ്മെന്റ്സ് വാങ്ങിയെന്നും, റവന്യൂ, ഫോറസ്റ്റ്, എയർഫോഴ്സ് എന്നീ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മൂവായിരത്തോളം ആളുകൾക്ക് ട്രെയിനിങ്ങ് നൽകിക്കൊണ്ടി രിക്കുകയാണെന്നും മുല്ലപ്പെരിയാറിൽ 24 മണിക്കൂറും ജാഗ്രത പുലർത്തുന്നതിനായി ഒരു ക്യാമറ സ്ഥാപിക്കുന്നതിന് സയൻസ് ആന്റ് ടെക്നോളജിയുമായി ഒരു എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടെന്നും ആയത് ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ ഇരുന്ന് നിരീക്ഷിക്കുവാൻ കഴിയുന്നതരത്തിലുള്ളതാണെന്നും ഇത് കൂടാതെ 15 സ്ഥലങ്ങളിൽ വയർലെസ് കമ്മ്യൂണിക്കേഷൻ കൊടുക്കാനുള്ള ട്രെയിനിംഗ് കഴിഞ്ഞിട്ടുണ്ടെന്നും, ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാർ മുതൽ ഇടുക്കി ഡാംവരെ 18 വില്ലേജുകൾ ഉണ്ടെങ്കിലും, അതിൽ 2 വില്ലേജുകളിൽ സിഗ്നൽ കിട്ടാത്തതിനാൽ ആ വില്ലേജുകളിൽ സിഗ്നൽ കിട്ടുന്നതിനായി ബി.എസ്.എൻ.എല്ലുമായി ചർച്ച നടത്തി എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിക്കൊണ്ടി രിക്കുകയാണെന്നും സുനാമിയുമായി ബന്ധപ്പെട്ട ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ചെറിയൊരു ശതമാനം മാത്രമേ നടക്കാനുള്ളുവെന്നും ആയത് ഒരു വർഷത്തിനകം തീർക്കുന്നതിനായി വകുപ്പ് ജാഗ്രതയോടെ നീങ്ങുന്നുവെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

1964-ലെ കേരള ഭൂമി പതിവ് നിയമം/ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള ഭൂമിയുടെയും വൃക്ഷങ്ങളുടെയും പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കുന്ന കരട് ചട്ടം അടുത്ത യോഗത്തിൽ പരിഗണിക്കാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം ഫെബ്രുവരി 13-ാം തീയതി തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

സമിതി രാവിലെ 11.30-ന് യോഗം പിരിഞ്ഞു.

## അനുബന്ധം X

## 2012 മാർച്ച് 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2012 മാർച്ച് മാസം 2-ാം തീയതി രാവിലെ 10.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ.
3. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.
4. ശ്രീ. പാലോട് രവി, എം.എൽ.എ.
5. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
6. ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ)
2. ശ്രീമതി സി. രമണി, അഡീഷണൽ ലാ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്
3. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്
4. ശ്രീ. റ്റി. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
5. ശ്രീമതി എൻ. ഗീത, ജോയിന്റ് സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
6. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്
7. ഡോ. ഡി. സജിത്ത്ബാബു, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ ഡിപ്പാർട്ട്മെന്റ്
8. ശ്രീമതി വി. സി. മേരിക്കുഞ്ഞ്, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്.

സമിതി കേരള ഭൂമി പതിവ് നിയമം/ചട്ടങ്ങൾ സംബന്ധിച്ച കരട് ചട്ടവും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റും പരിഗണനയ്ക്കെടുത്തു.

I. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

1964-ലെ കേരള ഭൂമി പതിവ് നിയമം/ചട്ടങ്ങൾ പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള ഭൂമിയുടെയും വൃക്ഷങ്ങളുടെയും പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കുന്ന കരട് ചട്ടം.

(ഫയൽ നമ്പർ 14032/സബ്.സി.ബി.1/2010/ലെജി.)

കേരള ഭൂമി പതിവ് നിയമവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ തെങ്ങ്, റബ്ബർ എന്നിവയുടെ റേറ്റിൽ വ്യത്യാസം കാണുന്നുവെന്നും, റബ്ബറിന്റെ റേറ്റ് കൂട്ടുകയും വേറെ ഏതിന്റെയെങ്കിലും റേറ്റ് കുറയ്ക്കേണ്ടതാണെന്നും വകുപ്പ് ഇതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു. ഈ പ്രൊപ്പോസൽ നൽകിയ സമയത്ത് ഒരു മരത്തിന് ഇരുപത് രൂപയായിരുന്നു. ഇപ്പോൾ അത് നൂറ് രൂപ ആയിട്ടുണ്ട്. സർക്കാർ പ്ലാന്റേഷൻ കോർപ്പറേഷന് കൊടുക്കുന്ന റേറ്റ് അനുസരിച്ചാണ് ലീസ് റെന്റ് നിശ്ചയിക്കേണ്ടത് എന്നാണ് കഴിഞ്ഞ ബഡ്ജറ്റിൽ പറയുന്നത്. സർക്കാർ പ്ലാന്റേഷൻ കോർപ്പറേഷന് കൊടുക്കുന്ന എമൗണ്ട് കൂടുതലാണെന്നും അതിനാൽ അദ്യഘട്ടത്തിൽ പബ്ലിക് പർപ്പസിന് കൊടുക്കേണ്ടുന്ന റേറ്റ് വരെ കൊടുക്കണമെന്നും അടുത്ത സ്റ്റേജിൽ ലാന്റ് റേറ്റ് കൂട്ടുന്നതിന് നോക്കണമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പാട്ടത്തുകയിൽ അവസാനമായി വർദ്ധനവ് വരുത്തിയത് എന്നാണ് എന്നും, പാട്ടത്തുകയുടെ റേറ്റ് കുറഞ്ഞിരുന്ന സമയത്ത് മുഴുവൻ തുകയും അടച്ചിരുന്നോ എന്നും സമിതി ആരാഞ്ഞു.

2001-ലാണ് പാട്ടത്തുകയിൽ അവസാനമായി വർദ്ധനവ് വരുത്തിയത്. ഫിനാൻസ് സെക്രട്ടറി, ടാക്സസ് സെക്രട്ടറി, റവന്യൂ സെക്രട്ടറി എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് ഒരു പഠനം നടത്തിയതിൽ നിന്നും ചില സ്ഥാപനങ്ങൾ അപ്പോഴും മുഴുവൻ തുക അടച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത് എന്ന് വകുപ്പ് അധികൃതർ സമിതി മുമ്പാകെ വെളിപ്പെടുത്തി.

ലീസ് റെന്റ് നിശ്ചയിക്കേണ്ടത് മാർക്കറ്റ് വാല്യൂ അടിസ്ഥാനമാക്കിയല്ല, ഗവൺമെന്റ് നിശ്ചയിക്കുന്ന ഫെയർ വാല്യൂ അടിസ്ഥാനമാക്കിയാണ് എന്നും, ഗവൺമെന്റ് നിശ്ചയിച്ച ഫെയർ വാല്യൂ അനുസരിച്ചാകുമ്പോൾ റേറ്റ് റീസണബിൾ ആകുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഫെയർ വാല്യൂ നിശ്ചയിച്ച് ഗവൺമെന്റ് ഉത്തരവ് ആയിട്ടുണ്ടെന്നും, ഫെയർ വാല്യൂവിന്റെ ഡബിൾ എടുത്ത് മാർക്കറ്റ് വാല്യൂ ഫിക്സ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വകുപ്പ് അധികൃതർ സമിതിയെ അറിയിച്ചു.

സർക്കാരിന് കിട്ടേണ്ടുന്ന തുക തിരിച്ച് പിടിക്കേണ്ടതാണെന്നും, തുക കിട്ടാതെ വരുമ്പോൾ അതിന് യാതൊരു നടപടിയുമെടുക്കാതെ കുടിശ്ശിക വരുമ്പോൾ അവർക്ക് ആനുകൂല്യം ചെയ്തു കൊടുക്കുന്നതിൽ യാതൊരു ന്യായീകരണവുമില്ലെന്ന് സമിതി വ്യക്തമാക്കി.

വാടക അടയ്ക്കാത്ത 80% കേസ്സുകളിലും സ്റ്റേ ഉണ്ടെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചപ്പോൾ കുടിശ്ശിക സംബന്ധിച്ച് കോടതിയുടെ പരിഗണനയിലുള്ളതും അല്ലാത്തതുമായ കേസ്സുകളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ ഭൂമി പാട്ടത്തിന് നൽകുകയും നിയമപരമായി പാട്ടത്തുക അടയ്ക്കാതിരിക്കുകയും ചെയ്യുകവഴി ഉണ്ടായ ഭീമമായ കുടിശ്ശിക ഇല്ലാതാക്കാൻ ഗവൺമെന്റ് വൺ ടൈം സെറ്റിൽമെന്റ് 2001-ൽ അനൗൺസ് ചെയ്തതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. 20% പോലും കുടുശ്ശിക അടയ്ക്കാത്തവർക്ക് 30% ഇളവോടെ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭ്യമായ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റിന്റെ പരിഗണന

1. 2006-07-ലെ ഒന്നാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 12082/സബ്.സി.ബി.1/2006/ലെജി.)

   ശുപാർശ നമ്പർ 16-ൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

2. 2007-2008-ലെ രണ്ടാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ 13795/സബ്.സി.ബി.1/2007/ലെജി.)

   ശുപാർശ നമ്പർ 30-ന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

3. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച്.

   (ഫയൽ നമ്പർ 4874/സബ്.സി.ബി.1/2011/ലെജി.)

   ശുപാർശ 44-ന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

സമിതി രാവിലെ 11.00 മണിക്ക് യോഗം പിരിഞ്ഞു.